കൊണ്ട് കഥ പറയുന്ന

ബലൂണുകൾ

മോൺസറാറ്റ് ഡുമാൻ
ആൻഡ്രൂവും അനയും

വാക്യം യോഹ: 3:16-17
1,2 നീളമുള്ള ബലൂണുകൾ
ബൈബിൾ വാക്യങ്ങൾ കൊണ്ട് ആരംഭിക്കുക. പിന്നീട് കഥ പറയുക.

ആൻഡ്രൂ

ടൈ

അന

ബോ

അലക്സ്

വായ്/അധരം

പ്രിൻസിപ്പൽ

കണ്ണടകൾ



യേശു

ഹൃദയം

ആൻഡ്രൂ (ടൈ) എപ്പോഴും സ്കൂളിൽ പോകുമ്പോൾ ഒരു വലിയ ടൈ ഉപയോഗിക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന ഒരു കൊച്ചുകുട്ടിയായിരുന്നു.

ആൻഡ്രൂവിന്റെ (ടൈ) ഏറ്റവും അടുത്ത സ്നേഹിത ആയിരുന്ന അന (ബോ) ആരെയെങ്കിലുമൊക്കെ ശല്യം ചെയ്യുവാൻ ശ്രമിക്കുന്ന ഒരാൾ ആയിരുന്നു. സ്കൂളിൽ, അലക്സ്(വായ്) എന്ന പേരുള്ള ഒരു സഹപാഠി അവർക്കുണ്ടായിരുന്നു.

അലക്സ്(വായ്) വലിയ വായാടി ആയിരുന്നതിനാൽ അവർ അവനെ കളിയാക്കാൻ ശ്രമിച്ചു.

അവർ വേദനിപ്പിക്കുന്ന വാക്കുകൾ അലക്സിനോട്(വായ്) പറഞ്ഞു അവനെ കരയിപ്പിക്കുന്ന അവസ്ഥയിലേക്ക് എത്തി. എന്നാൽ ആൻഡ്രൂ(ടൈ)വും അനയും(ബോ) ശരിക്കും കുസൃതി കുട്ടികൾ ആയിരുന്നതുകൊണ്ട് അവർ വേദനിപ്പിച്ചത് അത്ര കാര്യമായി എടുത്തില്ല.

ഒരു ദിവസം ആൻഡ്രൂ(ടൈ)വും അന(ബോ)യും ക്ലാസ്സ് മുറിയിൽ കയറി അവരുടെ സഹപാഠികളുടെ വസ്തുക്കൾ(സാധനങ്ങൾ) എടുക്കുന്നതിനായി പദ്ധതിയിട്ടു. പ്രധാന അദ്ധ്യാപകൻ(കണ്ണാടി) അവരെ ജനാലയിലൂടെ നോക്കുന്നുണ്ട് എന്നതറിയാതെ അവർ സാധനങ്ങൾ എടുക്കാൻ തുടങ്ങി.

പ്രിൻസിപ്പൽ(കണ്ണാടി) ആൻഡ്രൂവും(ടൈ) അന(ബോ)യും ചെയ്യുന്ന കുസൃതി കണ്ട് അവരെ ശകാരിച്ച് അടിക്കുവാനായി അവരുടെ ഓഫീസിൽ കൊണ്ടുവന്നു.

ആൻഡ്രൂ (ടൈ)വും അന(ബോ)യും പ്രധാനാദ്ധ്യാപകയുടെ ഓഫീസിൽ വളരെ ദു:ഖിതരായി നിന്നു. അലക്സ്(വായ്) അതിലെ കടന്നുപോയപ്പോൾ അവരെ ശ്രദ്ധിക്കുകയും എന്താണ് അവിടെ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ചോദിക്കുകയും ചെയ്തു. അവർ സഹപാഠികളുടെ സാധനങ്ങൾ എടുക്കുന്നത് പ്രിൻസിപ്പൽ കണ്ടതുകൊണ്ട് അവരെ പ്രിൻസിപ്പൽ(കണ്ണാടി) ശിക്ഷിക്കുവാൻ പോകുകയാണെന്ന് ആൻഡ്രൂ (ടൈ)വും അന(ബോ)യുംമറുപടി പറഞ്ഞു. ചെയ്ത തെറ്റുകൾക്ക് ശിക്ഷിക്കാത്ത, ക്ഷമിക്കുവാൻ മനസ്സുള്ള നല്ല കുട്ടികൾ ആയിത്തീരുവാൻ സഹായിക്കുന്ന ഒരാളെ തനിക്കറിയാം എന്ന് അലക്സ്(വായ്) അവരോടു പറയുവാൻ ആരംഭിച്ചു.

സന്തോഷത്തോടെ ആരാണ് അതെന്ന് ആൻഡ്രൂ(ടൈ)വും അന(ബോ)യും ചോദിച്ചു. അവന്റെ പേര് യേശു(ഹൃദയം) എന്നാണെന്ന് അലക്സ്(വായ്) അവരോടു മറുപടി പറഞ്ഞു.

അവനെ അംഗീകരിക്കുക മാത്രം ചെയ്യുമ്പോൾ അവൻ ഹൃദയത്തിൽ പ്രവേശിക്കുകയും അങ്ങനെ യേശു(ഹൃദയം) ക്ഷമിക്കുവാൻ മനസ്സുള്ളവനായി അവരെ സ്നേഹിച്ച് കുസൃതിക്കുട്ടികൾ ആകുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നു.

യോനയും വലിയ മത്സ്യവും

വാക്യം യോന 1:17

നീളമുള്ള ബലൂൺ

വട്ടത്തിലുള്ള ബലൂൺ

ചെറിയ ബോൾ (സ്റ്റൈറോഫോമോ മറ്റെന്തെങ്കിലുമോ)

ഹൃദയം

ബോട്ട്

ശബ്ദത്തിനുള്ള ബലൂ

മത്സ്യം

പുഞ്ചിരി





ദൈവം നിങ്ങളെ സൃഷ്ടിച്ചത് ഒരു ഉദ്ദേശ്യത്തോടു കൂടിയാണ്!

ഒരു പ്രത്യേക കർത്തവ്യം നിറവേറ്റുവാനുള്ള ഒരു പ്രത്യേക ഉദ്ദേശ്യം യോനായിലൂടെ ദൈവത്തിനുണ്ടായിരുന്നു. ആ ദൈവ സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുവാൻ നിനവയിലേക്ക് പോകുക എന്നതായിരുന്നു അവന്റെ കർത്തവ്യം. (ഹൃദയാകൃതിയിലുള്ള ബലൂൺ) ഏറ്റവും ദുഷ്ടത പ്രവർത്തിക്കുന്ന ജനങ്ങൾ ആയിരുന്നു നിനവേക്കാർ എന്നതിനാൽ ആണ് യോന അവിടേക്ക് പോകണമെന്ന് ദൈവം ആഗ്രഹിച്ചത്.

അവൻ ആയിരുന്ന ഇടത്ത്(പുഞ്ചിരിക്കുന്ന ബലൂൺ) സന്തോഷവാൻ ആയിരുന്നതിനാൽ നിനവേക്ക് പോകുന്നതിൽ താല്പര്യം ഉണ്ടായിരുന്നില്ല. നിനവയിലേക്ക് ദൈവവചനം എത്തിക്കുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ അവനു കേൾക്കുവാൻ കഴിയാത്തപോലെ അവൻ നടിച്ചു. ദൈവത്തെ അനുസരിക്കേണ്ടതില്ല എന്ന് യോനാ തീരുമാനിച്ചു. ദൈവത്തെ അനുസരിക്കാതെ മറ്റു പലതിനും അവൻ വ്യാപൃതനായി.

ദൈവത്തെ സ്നേഹിക്കുമ്പോൾ അവൻ സന്തോഷിക്കുന്നു!

അവൻ ചെയ്യേണ്ടത് എന്തൊക്കെയാണ് എല്ലാ ദിവസവും യോനയെ ഓർപ്പിച്ചിരുന്നെങ്കിലും ഒരു കപ്പലിൽ കയറി രക്ഷപ്പെടുവാൻ യോന തീരുമാനിച്ചു(ബോട്ട് ബലൂൺ) എങ്ങനെയായാലും ശബ്ദം ഉളവാക്കി ശക്തമായ ഒരു കാറ്റ് ഉയർന്നുവന്നു(ശബ്ദമുണ്ടാക്കുന്ന ബലൂൺ) ആ കപ്പൽ(ബോട്ട് ബലൂൺ) കാറ്റിൽ അമ്മാനമാടി മുഴുവൻ യാത്രക്കാരുടെയും ജീവൻ നഷ്ടപ്പെടും എന്ന് എല്ലാവരും കരുതി(ശബ്ദമുള്ള ബലൂൺ) അപ്പോൾ അതിലെ യാത്രക്കാർ യോനയെ എടുത്ത് കടലിലേക്കെറിഞ്ഞു. ഊഹിക്കുക? കാറ്റ് ഉടൻ അപ്രത്യക്ഷമായി! ദൈവം ഒരുക്കി നിർത്തിയിരുന്ന ഒരു വലിയ മത്സ്യം വന്ന് യോനയെ വിഴുങ്ങി(മീൻ ബലൂൺ). അവൻ 3 രാവും 3 പകലും മത്സ്യത്തിന്റെ വയറിനുള്ളിൽ ആയിരുന്നു(മീൻ ബലൂൺ) യോന ഭയപ്പെട്ട് ക്ഷമിക്കണമേ എന്ന് അപേക്ഷിച്ച് ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവത്തെ അനുസരിക്കാതിരുന്നതിൽ യോന അനുതപിച്ചു. മൂന്നാം ദിവസം മത്സ്യത്തിന്റെ വയറ്റിൽ നിന്ന് യോന കരയിലേക്ക് എറിയപ്പെട്ടു. യോന ദൈവത്തോട് നന്ദിയുള്ളവനായി നിനവയിലെക്ക് പൊയ്ക്കൊള്ളാമെന്നു വാഗ്ദാനം നൽകി.

അവനോടു ക്ഷമിച്ചപ്പോൾ ദൈവത്തിന്റെ വലിയ സ്നേഹം(ഹൃദയ ബലൂൺ) അവനു വെളിപ്പെടുത്തിക്കൊടുത്തു.

ബാബേൽ ഗോപുരം

വാക്യം ഉല്പത്തി 11:1-9

ശൂന്യമായ കുപ്പി

ബലൂൺ

നിർദ്ദേശങ്ങൾ: ഒരു പ്ലാസ്റ്റിക്ക് കുപ്പി എടുത്ത് ആർക്കും കാണാൻ കഴിയാത്ത വിധത്തിലുള്ള ഒരു സുഷിരം അതിൽ ഇടുക. മുകൾ ഭാഗത്ത് ഉള്ളിലേക്കായി ഒരു സാധാരണ ബലൂൺ ഇറക്കിവയ്ക്കുക.

ബാബേൽ ഗോപുരം എന്ന യഥാർത്ഥ കഥയിൽ അന്നത്തെ ലോകത്തിലെ ജനങ്ങൾക്കുണ്ടായിരുന്ന അമിത പ്രതീക്ഷകളെ ആശയക്കുഴപ്പത്തിലാക്കാൻ ദൈവം തീരുമാനിച്ചതായി കാണുന്നു. പ്രശസ്തിയും തങ്ങളുടേതായ ഒരു പേരും ഉണ്ടാക്കിയെടുക്കാൻ അവിടുത്തെ ജനങ്ങൾ ആഗ്രഹിച്ചതായി ബൈബിൾ പറയുന്നു; ദൈവ വചനം പ്രകാരം ആ സമയത്ത് ഒരേ ഭാഷ സംസാരിച്ച ഒത്തൊരുമയായി ജോലി ചെയ്യുന്നവരും ആയിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. ഉയർന്നു ഉയർന്നു വരുന്ന രീതിയിൽ വലിയ ഗോപുരം അന്നത്തെ ജനങ്ങൾ നിർമ്മിച്ചു. (കുപ്പിക്കകത്തുള്ള ബലൂണിൽ മുഴുവനും ആകാത്ത വിധത്തിൽ കുറേശെ കാറ്റ് കടത്തി വിടുക).

ദൈവം അവരുടെ സ്വാർത്ഥത നിറഞ്ഞ ആഗ്രഹങ്ങളും വലിയ ഗോപുരം പണിയുന്ന അവരുടെ പണിയുടെ രീതിയും കണ്ടപ്പോൾ അവൻ അവരുടെ ഭാഷ കലക്കി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് അവരെ ചിതറിച്ചു. (ബലൂണിലെ കാറ്റ് അഴിച്ചുവിടുക).

അവർക്ക് ആശയവിനിമയം നടത്താൻ കഴിയാതെ വന്നു പലയിടങ്ങളിൽ ചിതറിയപ്പോൾ മുൻപിലത്തെപ്പോലെ അവർക്ക് പണി തുടരാൻ കഴിഞ്ഞില്ല. (വിജയിക്കാൻ കഴിയാതെ കുപ്പിയിലെ ദ്വാരം അടച്ചു ബലൂണിൽ കാറ്റ് നിറയ്ക്കുന്നതിനു ശ്രമിക്കുക)

ദൈവം തന്നെ ജനത്തിനെതിരായ നിലപാട് എടുത്തു. ഇത് ഒരു സാത്തന്റെയോ അവർക്ക് ദോഷം ചെയ്യുന്ന ദുഷ്ട മനുഷ്യരുടെയോ ആക്രമണം ആയിരുന്നില്ല. മറിച്ച് ദൈവം തന്നെ അവർക്ക് എതിരായി നിലകൊണ്ടു. എന്തുകൊണ്ടായിരുന്നു അത്. ഒരു ബൈബിൾ പതിപ്പ് പറയുന്നത് അവർ പ്രശസ്തർ ആകുവാൻ ആഗ്രഹിച്ചു എന്നും മറ്റൊന്ന് പറയുന്നത് അവർക്ക് പേര് ഉണ്ടാക്കാൻ ശ്രമിച്ചു എന്നുമാണ്. ക്രിസ് കോളിന്റെ ഞാൻ ആരെ ഭയപ്പെടും എന്ന മനോഹരമായ ആരാധാനഗീതം ഉണ്ട്. ആ ഗാനത്തിൽ പറയുന്നത് ദൂത സൈന്യം നമ്മുടെ സമീപേ ഉണ്ടെന്നാണ്. ദൈവം നമ്മുടെ കൂടെ ഉണ്ടെങ്കിൽ ആരും നമുക്കെതിരായി നിൽക്കുകയില്ലെന്നു ചിന്ത എത്രയോ ആശ്ചര്യം ഉളവാക്കുന്നു. എന്നാൽ ബാബേൽ ഗോപുരത്തിന്റെ കഥ നമ്മെ പഠിപ്പിക്കുന്നത് ദൈവം നമ്മുടെ കൂടെ ഇല്ലാത്ത ഒരു അവസ്ഥയെക്കുറിച്ചാണ്. അധികാരവും, മാനവും, പ്രശസ്തിയും ധനവും നാം ആർജിക്കുവാൻ ശ്രമിക്കുമ്പോൾ ദൈവം നമ്മുടെ പക്ഷത്തല്ല. വാസ്തവത്തിൽ ബൈബിളിൽ പണ്ട് ചെയ്തതായി നാം അറിയുന്ന പക്ഷം അവൻ നമ്മോടു പൂർണ്ണമായും അനുകൂലമല്ലാത്ത അവസ്ഥയിൽ ആകും. നാം നമ്മുടെ ആഗ്രഹങ്ങളെ നിയന്ത്രിച്ച് താഴ്മയുള്ളവർ ആയിരിക്കുക എന്നത് ഏറ്റവും പ്രാധാന്യമേറിയ ഒന്നാണ് എന്ന് നാം എപ്പോഴും ഓർക്കണം.

നാം താഴ്മയുള്ളവർ ആയി നിലകൊണ്ടാൽ ദൈവം ഇപ്പോഴും നമ്മുടെ പക്ഷത്തായിരിക്കും.(ദ്വാരം അടച്ചു വക്കാതെ ബലൂണിൽ വേഗത്തിലും എളുപ്പത്തിലും കാറ്റ് നിറയ്ക്കുക). അത് നാം മറന്നു പ്രവർത്തിച്ചാൽ നമ്മുടെ ആഗ്രഹങ്ങൾക്കൊത്ത് കാര്യങ്ങൾ സ്വായത്തമാക്കാൻ പ്രയാസമേറിയതായിത്തീരും(സുഷിരം അടച്ചുവയ്ക്കാതെ വിജയിക്കാനായി കാറ്റ് നിറച്ച ബലൂൺ പരീക്ഷിക്കുക).

ഈ പാഠം വളരെ പ്രാധാന്യമേറിയതാണ്, കാരണം നാം നമ്മുടെ സ്വന്തം ശത്രുവിനെ അറുതിവരുത്തുകയും ദൈവം നമുക്ക് എതിരായിത്തീരുവാൻ നാം ആഗ്രഹിക്കുന്നില്ല എന്നതുമാണ്!

ഗിദയോന്റെ സൈന്യം

വാക്യം ന്യായാധിപന്മാർ 7:16-22

നീളത്തിലുള്ള ബലൂൺ

കാഹളം



ടോർച്ച്

(പന്തം)



വാൾ

ന്യായാധിപന്മാർ 7:7

യഹോവ ഗിദെയോനോടു: നക്കിക്കുടിച്ച മുന്നൂറു പേരെക്കൊണ്ടു ഞാൻ നിങ്ങളെ രക്ഷിച്ചു മിദ്യാന്യരെ നിന്റെ കയ്യിൽ ഏല്പിക്കും; ശേഷം ജനമൊക്കെയും താന്താങ്ങളുടെ സ്ഥലത്തേക്കു പോകട്ടെ എന്നു കല്പിച്ചു.

ന്യായാധിപന്മാർ 7:16-22

അനന്തരം അവൻ ആ മുന്നൂറുപേരെ മൂന്നുകൂട്ടമായി വിഭാഗിച്ചു ഓരോരുത്തന്റെ കയ്യിൽ ഓരോ കാഹളവും(കാഹള ബലൂൺ) വെറുംകുടവും കുടത്തിന്നകത്തു ഓരോ പന്തവും(ടോർച്ച് ബലൂൺ) കൊടുത്തു.

"അവരോടു പറഞ്ഞതു. ഞാൻ ചെയ്യുന്നതു നോക്കി അതുപോലെ ചെയ്‌വിൻ; പാളയത്തിന്റെ അറ്റത്തു എത്തുമ്പോൾ ഞാൻ ചെയ്യുന്നതുപോലെ നിങ്ങളും ചെയ്‌വിൻ, ഞാനും എന്നോടുകൂടെയുള്ളവരും കാഹളം ഊതുമ്പോൾ നിങ്ങളും പാളയത്തിന്റെ ചുറ്റും നിന്നു കാഹളം (കാഹള ബലൂൺ)ഊതി: യഹോവെക്കും ഗിദെയോന്നും വേണ്ടി എന്നു പറവിൻ".

മദ്ധ്യയാമത്തിന്റെ ആരംഭത്തിൽ അവർ കാവൽ മാറി നിർത്തിയ ഉടനെ ഗിദെയോനും കൂടെയുള്ള നൂറുപേരും പാളയത്തിന്റെ അറ്റത്തു എത്തി കാഹളം ഊതി കയ്യിൽ ഉണ്ടായിരുന്ന കുടങ്ങൾ ഉടെച്ചു. മൂന്നു കൂട്ടവും കാഹളം(കാഹള ബലൂൺ) ഊതി കുടങ്ങൾ ഉടെച്ചു; ഇടത്തു കയ്യിൽ പന്തവും(ടോർച്ച് ബലൂൺ) വലത്തു കയ്യിൽ ഊതുവാൻ കാഹളവും പിടിച്ചു: യഹോവെക്കും ഗിദെയോന്നും വേണ്ടി വാൾ എന്നു ആർത്തു. അവർ പാളയത്തിന്റെ ചുറ്റും ഓരോരുത്തൻ താന്താന്റെ നിലയിൽ തന്നേ നിന്നു; പാളയമെല്ലാം പാച്ചൽ തുടങ്ങി; അവർ നിലവിളിച്ചുകൊണ്ടു ഓടിപ്പോയി. ആ

മുന്നൂറുപേരും കാഹളം(കാഹള ബലൂൺ) ഊതിയപ്പോൾ യഹോവ പാളയത്തിലൊക്കെയും ഓരോരുത്തന്റെ വാൾ താന്താന്റെ കൂട്ടുകാരന്റെ നേരെ തിരിപ്പിച്ചു; സൈന്യം സെരേരാവഴിയായി ബേത്ത്--ശിത്താവരെയും തബ്ബത്തിന്നരികെയുള്ള ആബേൽ-മെഹോലയുടെ അതിർവരെയും ഓടിപ്പോയി.

ലിറ്റയും ആട്ടിൻ കുട്ടിയും

വാക്യം: സങ്കീ. 23

നീളമുള്ള ബലൂൺ



"യഹോവ എന്റെ ഇടയനാകുന്നു, എനിക്കു മുട്ടുണ്ടാകയില്ല"

വാക്യം വായിക്കുക.

ആട്ടിടയൻ എന്താണ് ചെയ്യുന്നത്. അവൻ ആടുകളെ പരിപാലിക്കുന്നു.

ആട്ടിടയന് 2 ഉപകരണങ്ങൾ ഉണ്ട്

വടിയും കോലും

കഥ

ലിറ്റ എന്ന ആട്ടിൻകുട്ടിക്ക് ഭക്ഷിക്കുന്നതിനുള്ള പച്ചയായ പുൽപ്പുറം നല്ല ഇടയൻ അന്വേഷിക്കുകയായിരുന്നു. ആട്ടിടയൻ അത് നോക്കിക്കൊണ്ടിരിക്കുമ്പോൾ ലിറ്റ അവനിൽ നിന്ന് മാറി വഴിതെറ്റി അലഞ്ഞു. അത് മനസിലാക്കിയ നല്ല ഇടയൻ അവന്റെ കോലുകൊണ്ട് ആ ആട്ടിൻകുട്ടിയെ ശരിയായ പാതയിൽ കൊണ്ടുവന്നു.

സ്വന്ത ഇഷ്ടത്തിനു പോകാതെ തന്റെ അരികെത്തന്നെ നിൽക്കണം എന്ന് ആ ഇടയൻ അവളോട് പറഞ്ഞു. എന്നാൽ ഒരുദിവസം അവൾ തന്റെ വാക്ക് കേൾക്കാതെ അനുസരണക്കേട് കാണിച്ച്, ഭക്ഷിക്കുവാനും കളിക്കുവാനും പുറത്തേക്ക് പോയി. എന്നാൽ പെട്ടെന്ന് താൻ വലിയ ഒരു പ്രശ്നത്തിൽ അകപ്പെട്ടുവെന്നു ലിറ്റിക്ക് മനസിലായി. ആ ആട്ടിൻകുട്ടി ഒരു വലിയ കുഴിയിലേക്ക് വീണു! ഒരു വലിയ കരടിയെ അവിടെ കണ്ട ലിറ്റ വളരെ അധികം ഭയപ്പെട്ടു!

ആ നല്ല ഇടയൻ അവൾ ചെയ്യുന്നതെല്ലാം ശ്രദ്ധിക്കുന്നുണ്ടെന്ന് ലിറ്റ അറിഞ്ഞിരുന്നില്ല പെട്ടെന്ന് ഇടയൻ ഓടിയെത്തി തന്റെ വടികൊണ്ട് കരടിയെ ഭയപ്പെടുത്തി ഓടിച്ചു. ലിറ്റ വളരെ ഭയപ്പെട്ട് ആ കുഴിയിൽ ആയിരുന്നപ്പോൾ ഇടയൻ അടുത്തെത്തി തന്റെ കോലുകൊണ്ട് ആ ആട്ടിൻകുട്ടിയെ പുറത്തെടുത്തു. അവളെ തന്റെ തോളിൽ എടുത്തു. വീഴ്ചമൂലം ഉണ്ടായ മുറിവുകളെ കെട്ടി. ലിറ്റ ഓടി വളരെ സന്തോഷത്തോടെ ആട്ടിൻ പറ്റത്തിൽ എത്തി വേലിക്കുള്ളിൽ ആയി. അപ്രതീക്ഷിതമായി തന്നെത്താൻ അവൾ ഉണ്ടാക്കിയെടുത്ത പ്രശ്നത്തിൽ നിന്ന് വടി ഉപയോഗിച്ച് ആട്ടിടയൻ അവളെ രക്ഷപ്പെടുത്തി. സ്വതന്ത്രയായി അവനെ കണ്ടതിൽ സന്തോഷവതിയായി മറ്റു ആട്ടിൻ കൂട്ടത്തോടൊപ്പം ചേർന്നു.

ആ നല്ല ഇടയൻ നമ്മുടെയേശു ക്രിസ്തുവിനെപ്പോലെയും നമ്മളിൽ ഓരോരുത്തൻ ലിറ്റയെപ്പോലെയും ആണ്. ദൈവത്തിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നതിനു നാം അഭ്യസിക്കയും അവനുമായി ആത്മ ബന്ധം ഓരോ ദിവസവും പുലർത്തുകയും ചെയ്യേണ്ടതാണ്.

കാഹളം ഉണ്ടാക്കുന്നത്



കെട്ട് അകത്തേക്ക് തള്ളി ചുരുട്ടുക





ഒന്നാമത്തെ ബലൂൺ കൊണ്ട് ഒ
വളവ് പോലെ ഉണ്ടാക്കുക

വളച്ചു വച്ചിരിക്കുന്ന ബലൂണിനെ
മറ്റൊരു നീളത്തിലുള്ള ബലൂൺ
കൊണ്ട് പൊതിയുക(ചുറ്റുക).

.



വൃത്താകൃതിയിൽ ഉള്ള ഒരു ബലൂണിൽ കാറ്റ്
നിറയ്ക്കുക. ആദ്യത്തെ ബലൂണിന്റെ വാലറ്റം
വൃത്തത്തിനുള്ള ബലൂണിന്റെ അകത്തേക്ക്
തിരുകിക്കയറ്റുക. വൃത്തത്തിലുള്ള ബലൂണിന്റെ
മറ്റേ വശത്തേക്ക് തള്ളുക. മറ്റൊരു ബലൂണിന്റെ
കഷണം കൊണ്ട് അവയെ കെട്ടുക.



ടോർച്ച് ഉണ്ടാക്കുന്നത്

ബലൂണിന്റെ ആദ്യഭാഗത്തോ കെട്ടിന്റെ അടുത്തോ 2 ചെറിയ ബോൾ രൂപത്തിൽ ക്രമീകരിക്കുക.







ഒരു വൃത്തം ഉണ്ടാക്കി ബോൾ രൂപത്തിൽ ഉണ്ടാക്കിയവയുമായി ച

വാലറ്റത്ത് ഒരു ബോൾ രൂപത്ത അഗ്രഭാഗത്തേക്ക് വായു തള്ളി